(ബി) ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം, എ.എം.പി.-സൻമാർ അഷ്വറൻസ് കമ്പനി ക്ലിപ്തം എന്നിവർക്കാണ് പോളിസിയുടെ കുത്തകാവകാശം.

(സി) അംഗീകൃത മൂലധനം 125 കോടി രൂപയാണ്.

(ഡി) 2,05,79,300 രൂപ.

(ഇ) വ്യക്തികൾ, സഹകരണ സംഘങ്ങളിലെ മെമ്പർമാർ, ജീവനക്കാർ, സംഘങ്ങളുടെയും വ്യക്തികളുടെയും സ്വത്ത്വകകൾ എന്നിവ.

(എഫ്) ജനറൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിരുന്നു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്ന് പ്രവർത്തനം നടത്തുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും സമർപ്പിക്കുന്നതിന് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) സഹകരണ വകുപ്പിന്റെ പരിധിയിൽ വരുന്ന മറ്റൊരു സ്ഥാപനവുമായും കരാറുണ്ടാക്കിയിട്ടില്ല.

ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക് എന്നിവയിലെ പലിശ നിരക്ക്

101 [540] ശ്രീ. വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് വായ്പ നൽകുന്നതിന് ചുമത്തുന്ന പലിശനിരക്കെത്രയാണ്;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ അവയുടെ അംഗങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയെത്രയാണ്;

(സി) ജില്ലാ ബാങ്കുകളിൽ സഹകരണ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയെത്രയാണ്;

(ഡി) പ്രാഥമിക സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശയെത്രയാണ്; ജില്ലാ ബാങ്കും പ്രാഥമിക ബാങ്കുകളും വായ്പകളിൻമേൽ ഈടാക്കുന്ന പലിശ നിരക്ക് കുറക്കുവാനുദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക വായ്പകൾക്ക് :

ക്രമ നമ്പർ	വായ്പാതുക	പലിശ നിരക്ക്
1.	25,000 രൂപ വരെയുള്ള വായ്പകൾ	6.75%
2.	25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾ	6.75%

കാർഷികേതര വായ്പകൾക്ക് :

ക്രമ നമ്പർ	വായ്പാതുക	പലിശ നിരക്ക്
1.	50,000 രൂപ വരെ	11%
2.	50,001 മുതൽ 2 ലക്ഷം രൂപ വരെ	12.5%
3.	2 ലക്ഷം രൂപയ്ക്ക് മുകളിൽ	13.5%

(ബി)

ക്രമ നമ്പർ	വായ്പാതുക	പലിശ നിരക്ക്
1.	25,000 രൂപ വരെ	8.50%
2.	25,000 രൂപയ്ക്ക് മുകളിൽ	9%

കാർഷികേതര വായ്പകൾക്ക് :

ക്രമ നമ്പർ	വായ്പാതുക	പലിശ നിരക്ക്
1.	50,000 രൂപ വരെ	12%
2.	50,001 മുതൽ 2 ലക്ഷം രൂപ വരെ	13%
3.	2 ലക്ഷം രൂപയ്ക്ക് മുകളിൽ	14%

(സി)

ക്രമ നമ്പർ	സ്ഥിര നിക്ഷേപങ്ങളുടെ കാലാവധി	നിരക്ക്
1.	15 ദിവസം മുതൽ 45 ദിവസം വരെ	5%
2.	46 ദിവസം മുതൽ 179 ദിവസം വരെ	6%
3.	180 ദിവസം മുതൽ 364 ദിവസം വരെ	6.5%
4.	ഒരു വർഷം മുതൽ 3 വർഷം വരെ	7.25%
5.	മൂന്നു വർഷവും അതിനു മുകളിലും	7.5%

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

ക്രമ നമ്പർ	പ്രാഥമിക സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപ കാലാവധി	നിരക്ക്
1.	15 ദിവസം മുതൽ 45 ദിവസം വരെ	5.5%
2.	46 ദിവസം മുതൽ 179 ദിവസം വരെ	6.5%
3.	180 ദിവസം മുതൽ 364 ദിവസം വരെ	7%
4.	ഒരു വർഷം മുതൽ 3 വർഷം വരെ	7.75%
5.	മൂന്നു വർഷവും അതിനു മുകളിലും	8%

പുനർ വായ്പാ പലിശ നിരക്കിൽ നബാർഡ് കുറവ് വരുത്തുകയും നിക്ഷേപ പലിശ നിരക്കിൽ വീണ്ടും കുറവ് ഉണ്ടാവുകയും ചെയ്താൽ വായ്പകളിൽ ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം സെൻട്രൽ ബാങ്കുകളുടെ സമ്മേളനത്തിൽ പരിഗണിക്കുന്നതാണ്.

കംപ്യൂട്ടർവൽക്കരിച്ച സഹകരണ ബാങ്കുകൾ

102 [541] ശ്രീമതി മാലേത്ത് സരളാദേവി:
,, കെ. സി. ജോസഫ്:
,, തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ച എത്ര ജില്ലാ സഹകരണ ബാങ്കുകളുണ്ട്;

(ബി) ഭാഗികമായി കംപ്യൂട്ടർവൽക്കരിച്ച എത്ര ജില്ലാ സഹകരണ ബാങ്കുകളുണ്ട്;

(സി) എത്ര ജില്ലാ സഹകരണ ബാങ്കുകൾ എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം;

(ഡി) എ.ടി.എം. സൗകര്യം ബിസിനസ്സ് വർദ്ധനയ്ക്ക് സഹായകമാണെന്ന് കരുതുന്നുണ്ടോ;

(ഇ) എത്ര പ്രൈമറി സഹകരണ സ്ഥാപനങ്ങൾ കംപ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly